പത്രക്കുറിപ്പ്

# വീട്ടിൽ അതിക്രമിച്ച് കയറി വാഹനങ്ങളും മറ്റും അടിച്ച് തകർത്ത് സ്വർണ്ണം മോഷണം നടത്തിയ സംഘത്തിലെ രണ്ടുപേർ കൂടി പിടിയിൽ

കോവിഡ്–19

## വിലക്ക് ലംഘനം: 44 പേർക്കെതിരെ നിയമനടപടി 12,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- ചെല്ലമംഗലം കുണ്ടൂർക്കുളത്തെ വീട്ടിൽ മാരകായുധങ്ങളുമായി അതിക്രമിച്ച് കയറി വാഹനങ്ങളും മറ്റും അടിച്ച് തകർത്ത് സ്വർണ്ണാഭരണം കവർച്ച നടത്തിയ സംഘത്തിലെ രണ്ടുപേരെ കൂടി പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. ചെമ്പഴന്തി കടവൻകോട് രേവതിയിൽ രാഹുൽ (36), ചെമ്പഴന്തി കീരിക്കുഴി വടക്കേ വീട്ടിൽ വാവ അനൂപ് എന്ന് വിളിക്കുന്ന അനൂപ് (29) എന്നിവരെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസ്സിലെ മറ്റ് നാല് പ്രതികളായ രതീഷ്, ജിഷ്ണു, അഖിൽ, ദീപു എന്നിവരെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.



കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത രാഹുൽ (36), അനൂപ് (29)

കഴിഞ്ഞ 7-ാം തീയതിയാണ് സംഭവം നടന്നത്. രാത്രി 10.00 മണിയോട്ടുകൂടി പ്രതികൾ ഉൾപ്പെട്ട ഏഴംഗസംഘം കുണ്ടൂർക്കുളം ആൻസി മൻസിലിൽ ഷൈലയുടെ വീട്ടിൽ മാരകായുധങ്ങളുമായി അതിക്രമിച്ച് കയറി കോമ്പൗണ്ടിനുള്ളിൽ പാർക്ക് ചെയ്തിരുന്ന കാറും രണ്ട് ബൈക്കുകളും അടിച്ചും വെട്ടിയും നശിപ്പിച്ച് വീടിന്റെ ജനൽഗ്ലാസ്സും ഗേറ്റും അടിച്ച് തകർക്കുകയും ചെയ്തു. അതോടൊപ്പം അക്രമിസംഘം വീടിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന കടയിലെ ഫർണിച്ചറുകൾ അടിച്ച് തകർത്ത് പലചരക്ക് സാധനങ്ങൾ നശിപ്പിക്കുകയും ചെയ്തത് തടയാൻ ശ്രമിച്ച ഷൈലയെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി അവർ ധരിച്ചിരുന്ന ആറ് പവൻ തൂക്കം വരുന്ന സ്വർണ്ണമാല പിടിച്ചുപറിച്ച് കടന്നു കളയുകയുമായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളിൽ നാലു പേരെ അട്ടൂരിൽ നിന്നാണ് പോലീസ് പിടികൂടിയത്. ബാക്കിയുള്ള പ്രതികളെ അന്വേഷിച്ചു വരവെ, കഴക്കൂട്ടം സൈബർ സിറ്റി അസ്സി. കമ്മീഷണർ ഷൈനു തോമസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഒളിസങ്കേതത്തിൽ നിന്നും പിടികൂടിയത്. ഇപ്പോൾ പിടിയിലായ രാഹുലും അനൂപും ഈ കേസ്സിലെ നാലും ഏഴും പ്രതികളാണ്. കഴക്കൂട്ടം എസ്.എച്ച്.ഒ ബിജു.യു, എസ്.ഐ വിപിൻ കുമാർ, സി.പി.ഒ-മാരായ നാസുമുദ്ദീൻ, അൻസിൽ, മുജീബ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (17-03-2021) നടത്തിയ പരിശോധനയിൽ

കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 44 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 15 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 24 പേരിൽ നിന്നും 12,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത 2 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
17-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി